# പണവും പേരും പെരുമയും

“മുമ്പ് അത്യാവശ്യം ഉള്ളവരായിരുന്നു. നാട്ടിൽ അറിയപ്പെടുന്നവരും പേരും പെരുമയുമുള്ളവരായിരുന്നു. ഇന്ന് ജീവിക്കാൻ തന്നെ ഗതിയില്ലാത്തവരാ.” ഞങ്ങളെ നോക്കി ഒന്ന് മന്ദഹസിച്ചു എതിരെ കടന്നുപോയ ഒരാളെ കൂട്ടുകാരൻ എനിക്ക് പരിചയപ്പെടുത്തി.

ഇത്തരം ഒരു പരിചയപ്പെടുത്തൽ എന്തിനാ എന്ന് ചിന്തിക്കുന്നതിനിടയിലാണ് അതെ സംബന്ധിച്ച ചില ചിന്ത എന്നിലുണ്ടായത്.

പണം കാര്യങ്ങളെ നിയന്ത്രിക്കുന്ന ഈ ലോകത്ത് വിലയില്ലാതാകുന്നത് നീതിയും മനുഷ്യത്വവുമാണ്. ഇവ ചേർന്ന ജീവിത ക്രമമാണ് മനുഷ്യജീവിതത്തിന്റെ സാമൂഹികസംതുലനം നിലനിർത്തുന്നത്.

പണത്തിന്റെ പേരിലുള്ള പേരും പെരുമയുടെയും അടിസ്ഥാനം എന്താണ്? പേരും പെരുമയും ആവശ്യമാണ്. പക്ഷേ, അതിന് ചില മാനദണ്ഡങ്ങളുണ്ട്. മനുഷ്യജീവിതത്തെ സംബന്ധിച്ച ദൈവിക കഴ്ചപ്പാട് പരസ്പര അവകാശവും നീതിയും പാലിക്കപ്പെടുന്ന സമഭാവനയെന്നതാണ്. പണം ആരാധിക്കപ്പെടുന്ന വസ്തുവായി മാറുമ്പോൾ ഇപ്പറഞ്ഞതെല്ലാം തകിടം മറിയുകയും അസ്വാഭാവികത സാമൂഹികജീവിതത്തിൽ ഉണ്ടാവുകയും ചെയ്യും. അപ്പോഴാണ് ബന്ധങ്ങൾക്കിടയിൽ അതിരുകൾ വീഴുക. സാമ്പത്തികമായി തുല്യനല്ലാത്ത രക്തബന്ധു പോലും തരം താഴ്ത്തപ്പെടുന്നത് അവിടെയാണ്. പല രക്ഷിതാക്കളും മക്കളെ സ്നേഹിക്കുനത് പണത്തെ ആശ്രയിച്ചാണ്. (തെറ്റാണെങ്കിൽ ക്ഷമിക്കണം. പക്ഷേ, അതൊരു യാഥാർത്ഥ്യമായി പലപ്പോഴും കേൾക്കാറുണ്ട്.)

പണത്തിന്റെ പേരിൽ അറിയപ്പെടുവാനാണ് അധികപേരും ആഗ്രഹിക്കുന്നത്. അതിന്റെ പേരിൽ ലഭിക്കുന്ന സ്വാധീനമാണ് അവർക്ക് പ്രധാനം.

ഒരേ സമയം രണ്ട് യജമാനന്മാരെ സേവിക്കുകയെന്ന അപരാധം ചെയ്തു തുടങ്ങിയത് മനുഷ്യരല്ല, പിശാചാകുന്നു. അവനത് മനുഷ്യരെ പഠിപ്പിച്ചു. പണത്തിന്റെ പേരിൽ എന്തുമാകാം, എങ്ങനെയും ജീവിക്കാം, എവിടെയും കയറിച്ചെല്ലാം, ആരെയും വെല്ലാം ഇതൊക്കെ മനുഷ്യലോകത്ത് മാത്രം കണ്ടുവരുന്ന പ്രവണതയാണ്. സത്യത്തോടുള്ള നിരാകരണം പലപ്പോഴും അതിൽ സംഭവിക്കുന്നത് നിഷ്കരുണമാണ്.

പണത്തിന്റെ പേരിൽ പേരും പെരുമയും എന്നത് അവിവേകമാണ്. പണത്തിന്റെ പേരിലുള്ള പേരും പെരുമയുടെയും അടിസ്ഥാനവും അതേ അവിവേകമാണ്. കാരണം, പണം നശിക്കും. അതിന്റെ പേരിലുണ്ടായിരുന്ന പ്രതാപവും മണ്ണടിയും. പണം നേടിത്തന്ന സ്ഥാനം ദാരിദ്ര്യം നേടിത്തരില്ല. ചരിത്രം അതിന് സാക്ഷി. പണത്തിന്റെ പേരിലുണ്ടായ പ്രതാപം നശിച്ചൊടുങ്ങിയാൽ പിന്നീടവർ പരിഹാസ്യരാകും, അവരുടെ സ്വഭാവവും ചര്യയും നല്ലതായിരുന്നില്ലെങ്കിൽ.

ജീവിതത്തിൽ മനുഷ്യന് പ്രതാപവും പേരും പ്രശസ്തിയും ധാരാളം വേണം. അതൊരിക്കലും നശിക്കരുത്. സമൂഹം അത് അംഗീകരിക്കണം. മരണശേഷം സന്താനതലമുറകളിലും അതിന്റെ സദ്ഫലം നിലനിൽക്കണം. പക്ഷേ, അതെങ്ങനെയാണ് സാധിക്കുക?

പേരിനും പെരുമക്കും അടിസ്ഥാനം ഭൗതികമായ ഒന്നുമല്ല. ആർ പ്രതാപിയാകണം, ആർക്ക് പേരും പെരുമയും ലഭിക്കണം എന്ന് നിശ്ചയിക്കുന്നത് നാമല്ല. മനുഷ്യരുടെ അഭിലാഷങ്ങൾക്കതിൽ ഒട്ടും സ്വാധീനമില്ല. അതെ സംബന്ധിച്ച ദൈവികനിശ്ചയത്തിനു മുമ്പിൽ നമ്മുടെ ആഗ്രഹങ്ങൾ ഒട്ടും ഫലം ചെയ്യില്ല. അത് ദൈവത്തിൽനിന്നുള്ള നിശ്ചയമായതിനാലാണ് പ്രതാപമത്രയും ദൈവത്തിനാണെന്ന് പറയുന്നത്. അവൻ ഇഛിക്കുന്നവർക്കത് ധാരാളം നൽകുന്നു. പക്ഷേ, അതിന് ചില മാനദണ്ഡങ്ങളുണ്ട്:

ജീതത്തിൽ ദൈവത്തോട് സ്വീകരിക്കുന്ന നയം അതിൽ പ്രധാനമാകുന്നു. ദൈവത്തിനു വേണ്ടി നീതിയോടെ ജീവിക്കുന്നതിലൂടെ അവൻ പ്രതിഫലമായി തരുന്നതാണ് പ്രതാപവും കീർത്തിയും. അത് അക്ഷയമായിരിക്കും. അതിനു ഭൗതിക മാനദണ്ഡങ്ങളൊന്നുമില്ല. തെളിച്ചു പറഞ്ഞാൽ തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകദൈവത്തെ അംഗീകരിച്ചു ജീവിക്കുക. അതത്രെ ശാശ്വതമായ പ്രതാപത്തിനും ഐശ്വര്യത്തിനുമുള്ള പോംവഴി. അത്തരക്കാരിലാണ് അവൻ കടാക്ഷിക്കുകയുള്ളു. അത്തരക്കാർക്ക് ജീവിതത്തിലൊരിക്കലും പരാജയം സംഭവിക്കില്ല, സാഹചര്യം എത്ര പ്രതികൂലമായാലും ശരി.